# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3160** 13.10.2011 ന് മറുപടിയ്ക്ക്

<u>സപ്ലൈകോയിലെ നിയമനം</u>

ചോദ്യം

ശ്രീ. മോൻസ് ജോസഫ്

,, റ്റി. യു. കുരുവിള

ഉത്തരം

ശ്രീ.റ്റി.എം.ജേക്കബ്

(ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

(എ) സപ്ലൈകോയിൽ എത്ര ജീവനക്കാരാണ് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്തുവരുന്നത്;

(എ) നിലവിൽ സപ്ലൈകോയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ വിവിധ തസ്തികകളിലായി 1170 ജീവനക്കാർ ജോലി ചെയ്തുവരുന്നുണ്ട്.

(ബി) പ്രസ്തുത ജീവനക്കാരുടെ പെൻഷൻ ഫണ്ടിലേക്ക് കഴിഞ്ഞ അഞ്ചുവർഷമായി എത്ര കോടി രൂപ ചെലവാക്കിയെന്ന് വ്യക്തമാക്കാമോ;

(ബി) സപ്ലൈകോ ഡെപ്യൂട്ടേഷൻ ജീവനക്കാർക്ക് പെൻഷൻ ഫണ്ടിലേക്ക് കഴിഞ്ഞ അഞ്ചു വർഷമായി ചെലവാക്കിയ തുക താഴെ കാണിക്കുന്നു.

| ക്രമ നമ്പർ | വർഷം | പെൻഷൻ തുക (രൂപ) |
|---|---|---|
| 1 | 2006 | 2,39,81,175 |
| 2 | 2007 | 2,50,71,230 |
| 3 | 2008 | 2,54,67,232 |
| 4 | 2009 | 2,46,41,027 |
| 5 | 2010 | 2,56,73,159 |
| ആകെ | | 12,48,33,823 |

സി) ഡെപ്യൂട്ടേഷൻ അവസാനിപ്പിക്കണമെന്ന സപ്ലൈകോ ജീവനക്കാരുടെ നിരന്തര ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| | |
|---|---|
| (ഡി) ഡെപ്യൂട്ടേഷന് താല്പര്യമില്ലാത്ത ജീവനക്കാരെ നിർബന്ധമായും ഡെപ്യൂട്ടേഷനിൽ വിടുന്നത് അവസാനിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; | (ഡി)പരിഗണനയിലാണ് |
| (ഇ) പി.എസ്.സി.യിൽ നിന്ന് നിയമിതരായ എ.എസ്.എം.മാരെ സീനിയോറിറ്റിയുടെയും വിദ്യാഭ്യാസ യോഗ്യതയുടെയും അടിസ്ഥാനത്തിൽ പ്രൊമോഷൻ നൽകി മാനേജർമാരായി നിയമിച്ച് സപ്ലൈകോയുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ; | (ഇ) പരിഗണനയിലില്ല. |
| (എഫ്) സപ്ലൈകോ മെഡിക്കൽ സ്റോറുകളിൽ യാതൊരു പരിചയവും ഇല്ലാത്ത ജീവനക്കാരെ നിയമിക്കുന്നതിനു പകരം സ്ഥിരം ഫാർമസിസ്റ്റുകളെ നിയമിക്കുന്നതിനുള്ള നടപടി പരിഗണനയിലുണ്ടോ ? | (എഫ്) സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളിലേയ്ക്ക് അസിസ്റ്റന്റ് ഫാർമസിസ്റ്റുകളെനിയമിക്കുന്നതിനായി പി.എസ്.സിയ്ക്ക് 54 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ